# St. Mary's Syrian Knanaya Church

416 Walter Dr, Plant City, FL - 33563

*(Under the Malankara Syrian Knanaya Arch Diocese)*

പട്ടക്കാരൻ:- എന്റെ സഹോദരങ്ങളേ! ഒരു പുതിയ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. മിശിഹാ കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റ് തന്റെ ശത്രുക്കളെ പിന്നിലേയ്ക്കു അടിച്ചോടിച്ചിരിക്കുന്നു.

ജനം: സത്യമായിട്ട് താൻ ഉയർത്തെഴുന്നേറ്റു എന്നു ഞങ്ങൾ വിശ്വസിച്ചു ഏറ്റുപറയുന്നു.

*ഇങ്ങനെ മൂന്നുപ്രാവശ്യം വിളിച്ചുപറഞ്ഞശേഷം മദ്ബഹാവാതിൽക്കൽ മദ്ധ്യേയായികുരിശു മാർത്തോയിൽ നാട്ടി ഇരുവശവും മെഴുകുതിരികളും മറുവഹസാകളും വച്ചിട്ട് ഹാലേലുയ്യ" ചൊല്ലി പ്രാർത്ഥന തുടരുന്നു. പ്രാർത്ഥന മുഴുവൻ പൂർത്തിയാക്കി കുർബാന ചൊല്ലുന്ന പട്ടക്കാരൻ തുയോബോയും*

*നടത്തിയ ശേഷം കുരിശെടുത്ത് ത്രോണോസിന്മേൽ വച്ചുകൊണ്ട് ക്രമം ആരംഭിക്കുന്നു.*

പട്ടക്കാരൻ: പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ബലഹീനരും പാപികളുമായ

## പ്രാർത്ഥന

ഞങ്ങളുടെ ഉദ്ധാരണത്തെപ്രതി കഷ്ടതകളും കുരിശും അനുഭവിച്ചവനും മനസ്സോടെ മരിച്ച് ഞങ്ങളുടെ മരണാവസ്ഥയെ രക്ഷിച്ചവനും കബറിൽ നിന്നെഴുന്നേറ്റു തന്നോടുകൂടെ ഞങ്ങളെ പുനരുത്ഥാനം ചെയ്യിച്ചവനും ആയ മിശിഹാതമ്പുരാനേ! നിന്റെ മഹനീയമായ പുനരു ത്ഥാനപ്പെരുന്നാളിൽ ഞങ്ങളെ സന്തോഷിപ്പിക്കേണമെ. നിന്റെ നിരപ്പും സമാധാനവും ഞങ്ങളിൽ വസിപ്പിക്കേണമെ. നിന്റെ മഹാകരുണയാൽ ഞങ്ങളെ ദർശിക്കണമെ. ദയാപൂർവ്വം ഞങ്ങളുടെ വേദനകളേയും രോഗങ്ങളേയും ശമിപ്പി ക്കേണമെ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! നിന്റെ പെരുന്നാളിനെ ആനന്ദപൂർവ്വം ഞങ്ങൾ

ആഘോ ഷിക്കത്തക്കവണ്ണം എല്ലാവിധശിക്ഷകളിൽനിന്നും കോപവടികളിൽനിന്നും മനസ്സലിവോടുകൂടെ ഞങ്ങളെ സംരക്ഷിച്ചുകൊള്ളണമെ. മോറാൻ.

ദൈവമെ! നിന്റെ കൃപയിൻ പ്രകാരം.... ഇത്യാദി

*(എനിയോനൊ(അത്തദ്ബാംതൊ)*

മോദം ഭൂസ്വർഗ്ഗങ്ങൾ-ക്കുത്ഥാനത്താൽ ചേ-ർത്തോ-നെ!
മോ-ദംനൽകി-സഭയെ സ്ലീബായാൽ കാത്ത്- ദേവേശാ! ദയ ചെയ്തീടേണം

ലജ്ജിതരായ് കുരിശിച്ചോർ-നമ്പിയൊരന്യർക്കാ-ന-ന്ദം
ഉ-ത്ഥാനത്തിൽ-സഭയും സുതരും പാടുന്നു-ദേവേശാ...

ദുദജനം ഖേദിപ്പു-ശിഷ്യകളാനന്ദി-ക്കു-ന്നു
ദു തൊടു ശിഷ്യർ-സന്ദർശിക്കുന്നന്യോന്യം-ദേവേ....

ഉത്ഥാനത്താൽ മോദം-ഖേദം പുകിയ ശി-ഷ്യ-ർക്കും
ശ്ലോ-മ്മോവിൺമൺ-ലോകർക്കുദാനംചെയ്ത-ദേവേ....

പരിമിളമത്തിരുമെയ്യിൽ-പൂശാൻ പോയൊരു നടല്ലാർതൻ
ഉൾ-ക്കാമ്പുകളെമോദം കൊണ്ടു നിറച്ചോനേ! ദേവേ....

ഉത്ഥിതനായ് ഗുരുമുമ്പേ-പോയി ഗലീലെയ്ക്കെ-ന്നോതിൻ
പ്രേ-ഷിതരോടെ-ന്നംഗനമാരൊടു കല്പിച്ച-ദേവേശാ...

നാഥാ! നിൻശ്ലോമ്മോയാൽ-ഞങ്ങൾക്കേകുക സ-ന്തോ-ഷം
ചേ-ർക്കു കവലമായ്-ഞങ്ങളെ നിന്നുത്ഥാനത്തിൽ-ദേ...
ബാറെക്മോർ-ശുബഹോ...

ഉത്ഥാനപ്പെരുന്നാളിൽ-മോഡിപ്പിച്ചോനേ!-താ-താ!
സൂ-നോ! വിമലൻ -റൂഹാ!സ്തുതി ഹാലേലുയ്യാ-ദേ...
സ്തൌമെൻകാലോസ്, കുറിയേ....

## പ്രുമിയോൻ

കോപിച്ചിരുന്നവരെ രമ്യമാക്കുവാൻവേണ്ടി അയയ്ക്കപ്പെട്ട പിതാവിന്റെ സമാധാനവും ഭിന്നിച്ചിരുന്നവരെ സംയോജിപ്പിച്ച മാർഗ്ഗദർശകമായ ശാന്തിയും മനുഷ്യ സ്നേഹത്തോടെ സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന് ആന്തരീകസർപ്പത്താൽ നിർമ്മിതമായിരുന്ന ശത്രുതയുടെ വേലി പൊളിച്ചുകളഞ്ഞവനും 'എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നൽകുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്കായി പ്രദാനം ചെയ്യുന്നു' എന്നു ശിഷ്യ ന്മാരോടു കല്പിച്ചവനും, ശുദ്ധിമതികളേയും

ശിഷ്യന്മാരെയും തന്റെ സമാധാനം മൂലം സന്തോഷിപ്പിച്ച് തന്റെ പുനരുത്ഥാന സമാധാനവും നിരപ്പും ശിഷ്യന്മാരോടറിയിപ്പാൻ അവരോടു കല്പിച്ചവനും, തന്റെ പുനരുത്ഥാനത്താൽ മേലുള്ളവരുടേയും താഴെയുള്ളവരുടേയും ഇടയിൽ സമാധാനം വിതച്ച് തന്റെ ഉയിർപ്പുമൂലം അവിശ്വാസികളെ ലജ്ജിപ്പിക്കുകയും ശിഷ്യരെ സന്തോഷിപ്പിക്കുകയും ചെയ്തവനും ആയ കർത്താവിനു സ്തുതി. ജീവദായകമായ നിന്റെ പുനരുത്ഥാനത്തിന്റെ ഈ വിശുദ്ധ പെരുന്നാൾ ദിനത്തിൽ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ സമാധാനം ഞങ്ങളുടെ പള്ളികളിലും നിന്റെ നിരപ്പ് ഞങ്ങളുടെ ദയറാകളിലും സ്ഥാപിക്കേണമെ. നാശകരമായ കലഹവും വിദ്വേഷവും ഞങ്ങളിൽ നിന്ന് ദുരീകരിക്കേണമെ. വിശുദ്ധാത്മചുംബനംമൂലം ഞങ്ങൾ പരസ്പരം സമാധാനം നൽകുവാൻ ഇടയാക്കണമെ. ഞങ്ങൾ സമാധാനസന്താനങ്ങളും സമാധാനപ്രിയരും ആയി ഭവിക്കുമാറാകണമെ. ഈ സമയത്തും... നിനക്കു സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ബ്കുൽഹുൻ......

## സെദറാ

അനാദ്യന്ത പിതാവിന്റെ ശക്തിയും ജ്ഞാനവുമാകുന്ന ഞങ്ങളുടെ മിശിഹാതമ്പുരാനേ! നീ സ്വഭാവികമായും സാരാംശപ്രകാരവും സകലത്തേയും ശാന്തമാക്കുന്ന സമാധാനവും സകലത്തെയും

രമ്യമാക്കുന്ന നിരപ്പും ആകുന്നു. പിതാവിനും ആദാമിനും മദ്ധ്യേ സാത്താൻ പ്രയോഗിച്ചതായ ആ വഞ്ചന നീ മുഖാന്തിരം പരഹരിക്കപ്പെട്ടു. സ്വർഗ്ഗീയരും ഭൌമീകരുമെന്ന ഇരുഭാഗങ്ങളും തമ്മിൽ നീ മൂലം സമാധാനമുണ്ടായി. സമുദ്രക്ഷോഭത്താൽ പീഢിതമായ നോഹിന്റെ പെട്ടകത്തെ നീ ശാന്തമാക്കി. ഞങ്ങളുടെ പാപങ്ങളാൽ സൃഷ്ടിയെ ഒന്നടങ്കം നശിപ്പിക്കത്തെക്കവണ്ണം സംഭവിച്ചതായ ജലപ്രളയത്തിൽ നിന്ന് ഭൂമിക്കു നീ സമാധാനം നൽകി. നിന്റെ സമാധാനം ചെങ്കടലിനുള്ളിൽ വഴിയുണ്ടാക്കി. അതിന്റെ ഓളങ്ങൾക്കിടയിൽ കൂടി നടക്കത്തക്കവണ്ണം ഇസ്രായേലിന്റെ കാലടികളെ നിന്റെ സമാധാനം നയിച്ചു. വൃക്ഷങ്ങളുടെ ഇടയിൽവച്ച് ഹവ്വായെ സർപ്പം ചുളമിട്ട് വിളിച്ചതുമൂലമുണ്ടായ ശണ്ഠയ്ക്കു നിന്റെ സമാധാനം പരിഹാരമുളവാക്കി. ഗബ്രിയേൽ വഴിയായുള്ള നിന്റെ സമാധാനം മനുഷ്യവർഗ്ഗത്തിൽനിന്ന് നെടുവീർപ്പുകൾമൂലം സംഭരിക്കപ്പെട്ടിരുന്ന ശാപത്തെ നീക്കിക്കളഞ്ഞു. ശിഷ്യന്മാർക്കെതിരെ ഉയർന്നതായ സമുദ്രക്ഷോഭം നിന്റെ ദിവ്യ സമാധാനം മൂലം ശാന്തമാക്കപ്പെട്ടു. നിന്റെ സമാധാനം അവരുടെ ഹൃദയങ്ങളിൽനിന്ന് ഭീതിയെ അകറ്റിക്കളഞ്ഞു. നിന്റെ സമാധാനം രക്ഷാകരമായ നിന്റെ പുനരുത്ഥാന ത്തെക്കുറിച്ചുള്ള അവരുടെ വിചാരങ്ങളെ ഉറപ്പിച്ചു. നിന്റെ സമാധാനം അവരുടെ ഹൃദയങ്ങളിൽനിന്ന് സകല സംശയത്തേയും ബഹിഷ്ക്കരിച്ചു.

മാളികയിൽവച്ചുണ്ടായ അവരുടെ ദുഃഖത്തെ നിന്റെ സമാധാനം നീക്കിക്കളഞ്ഞു. നിന്റെ സമാധാനം അവരുടെ പലായനത്തെ ഏകസംഘമായി സമ്മേളിപ്പിച്ചു. നിന്റെ സമാധാനം ഒളിവിടങ്ങളിൽനിന്ന് അവരെ വെളിക്കു വരുത്തി. നിന്റെ സമാധാനം സുവിശേഷത്തെക്കുറിച്ച് അവർക്കു ധൈര്യം നൽകി. വൃക്ഷത്തെ കാവൽ ചെയ്യുന്നതിനായി ചുറ്റിത്തിരിഞ്ഞുകൊണ്ടിരുന്ന അഗ്നിഖഡ്ഗത്തെ നിന്റെ സമാധാനം അഴിച്ചു കളഞ്ഞു. വിഗ്രഹങ്ങളുടെ മുമ്പിൽ ഉയിർപ്പ് ബലിയും വധവും നടത്തിയിരുന്ന വാളിനെ നിന്റെ സമാധാനം മാറ്റിക്കളഞ്ഞു. നിന്റെ സമാധാനം മനുഷ്യവർഗ്ഗത്തിന്റെ മുഖത്തു നിന്നു കണ്ണുനീരു തുടച്ചുകളഞ്ഞു. നിന്റെ സമാധാനം ഭൂതലത്തെ ഒന്നാകെ സന്തോഷസംപൂർണ്ണമാക്കി. ഉന്നതത്തേയും ആഴത്തേയും അവയിലുള്ള സകലത്തേയും നിരപ്പാക്കിയ പിതാവിന്റെ സമാധാനമായ കർത്താവെ! നിന്റെ പുനരുത്ഥാനത്തിന്റെ ഈ വിശുദ്ധ ദിനത്തിൽ വിശുദ്ധാ ത്മാവിന്റെ തിളപ്പോടുകൂടി പരിശുദ്ധ ചുംബനംമൂലം അന്യോന്യം ആലിംഗനം ചെയ്യുവാൻ ഞങ്ങൾക്കു കൃപ നൽകണമെ. അതുമൂലം ദുർവികാരഭരിതമല്ലാത്ത ആത്മീയഐക്യത്താൽ ഞങ്ങൾ നിന്നോടും പരസ്പരവും ബന്ധിക്കപ്പെടുമാറാകണമെ. നീ മൂലം ഞങ്ങൾക്ക് പ്രദാനം ചെയ്യപ്പെട്ട നിരപ്പും സമാധാനവുംകൊണ്ട് ഞങ്ങൾ നിറയുമാറാകണമെ. നിന്റെ ദിവ്യസമാധാനത്താൽ

വിശുദ്ധ ചുംബനം മൂലം വിശുദ്ധ സഭാസമാധാനങ്ങളുടെ ആത്മാക്കൾ ആത്മീയസസ്നേഹം കൊണ്ട് ജ്വലിക്കുമാറാകണമെ. നിന്റെ സമാധാനംമൂലം ഞങ്ങൾ പരസ്പരവും നിന്നിലും അവിഭാജ്യമായ ഐക്യത്തിൽ ബന്ധിക്കപ്പെടുമാറാകണമെ. സർവ്വ കപട തന്ത്രങ്ങളിൽനിന്നും വേദവിപരീതങ്ങളിൽനിന്നും നിന്റെ സമാധാനം മൂലം വിശുദ്ധ സഭയെ ശാന്തമാക്കണമെ. നിന്റെ സമാധാനം വാദപ്രതിവാദം മൂലം സഭയോടു ശണ്ഠകൂടുന്ന പ്രതികൂലികളെ ബഹിഷ്ക്കരിക്കുമാറാകണമെ. നിന്റെ സമാധാനം നിർവ്യാജങ്ങളും ദൈവികങ്ങളുമായ വാഗ്ദാനങ്ങളെ അതിനുവേണ്ടി സംരക്ഷിക്കുമാറാകണമെ. നിന്റെ സമാധാനം നിന്റെ ആശ്രിതന്മാരെക്കൊണ്ട് അതിന്റെ കോട്ടകളെ നിറയ്ക്കുമാറാകണമെ. നിന്റെ സമാധാനം അതിനുവേണ്ടി കഷ്ടപ്പെട്ട് അതിനെ വളർത്തുന്ന ഇടയന്മാർ മൂലം അതിന്റെ കൊമ്പിനെ ശ്രേഷ്ഠമാക്കുമാറാകണമെ. നിന്റെ സമാധാനം നിന്റെ കർതൃത്വത്തെ പ്രീതിപ്പെടുത്തുന്ന ആചാര്യന്മാരുടേയും ശെമ്മാശന്മാരുടെയും അണി കളാൽ അതിലെ ഗണങ്ങളെ അലങ്കരിക്കുമാറാകണമെ. നിന്റെ സമാധാനം ആത്മീയമായ ഐക്യത്തിൽ അതിന്റെ പ്രജകളെ ബന്ധിക്കുമാറാകണമെ. നിന്റെ സമാധാനം ദുർവികാരഭരിതമല്ലാത്ത സ്നേഹത്താലും പ്രേമത്താലും അവരെ ശ്രേഷ്ഠന്മാരാക്കുമാറാകണമെ. നിന്റെ സമാധാനം ആത്മീയസ്നേഹംകൊണ്ട് അവരെ

പ്രശോഭിപ്പിക്കുമാറാകണമെ. നിന്റെ സമാധാനം സത്യവിശ്വാസത്താൽ അവരെ പൂർത്തീകരിക്കുമാറാക്കണമെ. നിന്റെ സമാധാനം അവരെ വിനീതാത്മാവ് ധരിപ്പിക്കുമാറാകണമെ. നിന്റെ സമാധാനം ശാന്തതയും ദയവും കൊണ്ട് അവരെ നിറയ്ക്കുമാറാകണമെ. നിന്റെ സമാധാനം അവരെ നിന്റെ ജീവപ്രദമായ കല്പനകൾ അനുഷ്ഠിക്കുന്നവരാക്കിത്തീർക്കുമാറാകണമെ. നിന്റെ സമാധാനം സകലവിധ വിദ്വേഷത്തിൽനിന്നും വഞ്ചനയിൽ നിന്നും അവരെ നിർമ്മലീകരിക്കുമാറാകണമെ. നിന്റെ സമാധാനം എല്ലാവിധ മുഖസ്തുതിയിൽ നിന്നും അവരെ സ്വതന്ത്രരാക്കുമാറാകണമെ. നിന്റെ സമാധാനം അവരിൽ നിന്ന് ശത്രുതയും വിദ്വേഷവും മായിച്ചുകളകയും തർക്കവും കലഹവും ദൂരീകരിക്കയും ചെയ്യുമാറാകണമെ. നിന്റെ സമാധാനം അവരിൽനിന്നു കലഹങ്ങളും കോപവും ശമിപ്പിക്കയും ഭിന്നതകളും ഛിദ്രങ്ങളും പരിഹരിക്കയും ചെയ്യണമെ. നിന്റെ സമാധാനം അവരിൽനിന്നു യുദ്ധങ്ങളും കലഹങ്ങളും അകറ്റിക്കളയുമാറാകണമെ. നിന്റെ സമാധാനം സ്നേഹവും ദയവുംകൊണ്ട് അവരെ നിറയ്ക്കുമാറാകണമെ. സമാധാനസ്ഥിരതയാലും സുകൃതങ്ങളാകുന്ന മധുര ഫലങ്ങളുടെ പൂർണ്ണതയാലും അവരെ അലങ്കരിച്ച് നിനക്കു നിർമ്മലമായ വിശുദ്ധാലയങ്ങളായിത്തീരുവാൻ അവർക്കു യോഗ്യത

നൽകണമെ. നിന്റെ ദൈവത്വം അവരിൽ സ്ഥിരവാസം ചെയ്യുമാറാകണമെ. നിന്റെ ദൈവികനൽവരങ്ങളാൽ അവർ ശോഭിച്ചു വിളങ്ങുകയും വെടിപ്പുള്ള ഹൃദയത്താലും നിർമ്മല മനസ്സാക്ഷിയാലും ജ്വലിക്കുകയും പാവന വിചാരങ്ങളാലും മാനസികശോഭയാലും പ്രകാശിക്കയും വെടിപ്പോടും വിശുദ്ധിയോടും കൂടി പരസ്പരം ആലിംഗനം ചെയ്യുകയും വിശുദ്ധാത്മാലിംഗനത്താൽ ബന്ധിതരാവുകയും വിശുദ്ധാത്മചുംബനത്താൽ അന്യോന്യം യോജിപ്പിക്കപ്പെടുകയും അശരീരികളായ ഈറേന്മാരെപ്പോലെ അന്യോന്യം സംയോജിപ്പിക്കപ്പെടുകയും ചെയ്യുമാറാകണമെ. അന്യജാതികൾ ഇവരുടെ പ്രവർത്തികൾ കണ്ടിട്ട് ഇവർ കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ട സന്താനങ്ങളും അനശ്വര സന്തോഷങ്ങളും സ്ഥായിയായ ആനന്ദങ്ങളുമുള്ള സ്വർഗ്ഗീയ തൊഴുത്തിലേയ്ക്കു അർഹതയുള്ളവരും ആകുന്നുയെന്ന് സമ്മതിച്ചു പറയുവാൻ ഇടയാക്കണമെ. സത്യ വിശ്വാസപൂർവ്വം നിന്റെ അടുക്കലേയ്ക്കു യാത്രയായിരിക്കുന്ന പരേതരെ ഭാഗ്യകരമായ ഭവനങ്ങളിൽ ആശ്വസിപ്പിച്ചുകൊള്ളണമെ. ഞങ്ങളും അവരും നിനക്കും, വാഴ്ത്തപ്പെട്ടവനും ഭാഗ്യവാനും ഞങ്ങളുടെ രക്ഷയെപ്രതി നിന്നെ അയച്ചവനുമായ നിന്റെ പിതാവിനും നിന്റെ ജീവനുള്ള വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ..

(കുക്കോയൊ)

ശ്ലോമ്മോ ശ്ലോമ്മോ സവിധകരേ! ദൂരസ്ഥന്മാരെ!
മശിഹായുത്ഥിതനൊന്നിച്ചു -ചിതറിപ്പോയോരെ
തോമ്മാശ്ലീഹാ-വിശ്വാസം പൂണ്ടു
സ്ഥിരനായ് ശീമോൻ -മാലഖിലം മാഞ്ഞു
മൌലി മറച്ചു കയ്യാപ്പാ-സംഘം കേഴുന്നു
സഭയും മറിയാമും പ്രിയരും സ്തുതി പാടീടുന്നു
ഹാലേലുയ്യാ-ഉഹലാലുയ്യാ ബാറെക്മോർ-ശുബഹോ.....

ഉത്ഥാനദിനേ സൌധത്തിൽ-കൽപ്പിച്ചാൻ നാഥൻ
ശിഷ്യന്മാരൊടു വത്സലരെ! ശ്ലോമോ എന്നേവം
അഴലും വ്യഥയും -പാടേ മായിച്ചു
ശമമൊടു ശാന്തി-നൽകീ പരിപൂർണ്ണം
അരുളിചെയ്താൻ നിങ്ങളിലി-ശ്ലോമ്മോ വാഴട്ടെ
ദുഷ്ടനിൽനിന്നും രക്ഷിതരാ-മതിനാൽ ദിനരാത്രം
ഹാലേലുയ്യാ-ഉ ഹാലേലുയ്യാ

*(ഇവിടെ സ്ലീബാ, ഏവൻഗേലിയോൻ, കുട കൊടി ആദിയായവയോടുകൂടി വടക്കേ വാതിൽ വഴി ഇറങ്ങി പ്രദക്ഷിണം നടത്തി തെക്കെ വാതിൽ വഴി പ്രവേശിക്കുന്നു.)*

(പ്രദക്ഷിണഗീതം)

ഓ മറിയാമേ! ഞാൻ-തോട്ടക്കാ-രൻ തന്നെ
ഞാൻ പറുദീസായേ-സ്ഥാപിച്ചോൻ ശ്രേ-ഷ്ഠൻ
ഓ മറിയാമേ! ഞാൻ- ജീവികൾ തൻ-ജീവൻ താൻ
പുരനുജ്ജീവനമോ-ടെഴുനേൽപും ഞാൻ-താൻ
ഞാൻ കൊ-ല്ലപ്പെട്ടോൻ
ഞാൻ ക-ല്ലറയാർന്നോൻ
തൊട്ടീ-ടരുതേ; ഞാൻ താതാ-ന്തിക മേറീട്ടില്ല
മഹിമയൊടക്കബറീ-ന്നെഴുന്നേറ്റ-നെന്നേവം
ശിഷ്യന്മാരോടായ് -നീസുവിശേഷി-ക്ക

(പള്ളിയിൽ പ്രവേശിച്ചയുടനെ വായനകൾ)

(സുമ്മോറൊ)

നാഥാ!പരിശുദ്ധൻ തൻ-
സഭയിൽവാനിടമങ്ങയുടെ
വിസ്മയകരമാം കാര്യങ്ങൾ-
സാക്ഷിക്കും വിശ്വാസമതും
സ്വർഗ്ഗോപരിയാം സ്വർഗ്ഗത്തിൽ-
കർത്താവിനു സന്നിഭവനേവൻ
ദൂതരിലാരുണ്ടവനുസമൻ-
പാവനസഭയിൽ ഞാനെന്നും

വാഴ്ത്തും കർത്താവിൻ കൃപയെ-
ഘോഷിച്ചിടുമെന്നെന്നേക്കും
വിശ്വാസത്തേയെൻവദനം-ഹാലേലുയ്യാ

പെത്ഗോമൊ

**ഹാലേ... ഹാലേ.... വാനാനന്ദിക്കും ക്ഷിതി സന്തോഷിക്കും-**
**മശിഹാരാജാവിന്നുത്ഥാനത്തിൽ-ഹാലേ...**

ഏവൻഗേലിയോൻ

'അന്യോന്യം സ്നേഹിപ്പിൻ' എന്നൊരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ച പ്രകാരംതന്നെ നിങ്ങളും പരസ്പരം സ്നേഹിക്കേണം. പരസ്പരസ്നേഹം നിങ്ങളിൽ ഉണ്ടായിരിക്കുമെങ്കിൽ അതുകൊണ്ട് നിങ്ങളെന്റെ ശിഷ്യന്മാരാകുന്നു എന്നു എല്ലാവരും അറിയും. ഞാൻ നിങ്ങൾക്കായി സമാധാനത്തെ വിട്ടിരിക്കുന്നു. * എൻ് സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. * ഞാൻ നിങ്ങൾക്ക് തരുന്നത് ലോകത്താൽ നൽകപ്പെടുന്നതുപോലെയല്ലാ. നിങ്ങളുടെ ഹൃദയം ചലിക്കരുത്. ഭയപ്പെടുകയുമരുത്.* എൻറെ സന്തോഷം നിങ്ങളിലിരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും

ആയിട്ട് ഞാൻ ഇതു നിങ്ങളോടു പറഞ്ഞിരിക്കുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം എന്നുള്ളതാകുന്നു എന്റെ കല്പന. ഒരുവൻ തന്റെ സ്നേഹിതന്മാർക്കുവേണ്ടി തന്റെ ജീവനെ ക്കൊടുക്കുന്നതിനേക്കാൾ വലുതായിട്ടുള്ള സ്നേഹമില്ല. ഞാൻ നിങ്ങളോടു കൽപ്പിക്കുന്നതെല്ലാം നിങ്ങൾ പ്രവർത്തിച്ചാൽ നിങ്ങൾ എന്റെ സ്നേഹിതന്മാരായിരിക്കും. ഇനി ഞാൻ നിങ്ങളെ ദാസന്മാരെന്നു വിളിക്കുന്നില്ല. എന്തെന്നാൽ ദാസൻ തന്റെ യജമാനൻ എന്തു ചെയ്യാൻ പോകുന്നു എന്നറിയുന്നില്ല. എന്നാൽ ഞാൻ എന്റെ പിതാവിൽനിന്ന് കേട്ടതെല്ലാം നിങ്ങളോട് അറിയിച്ചതുകൊണ്ട് നിങ്ങളെ സ്നേഹിതന്മാരെന്ന് ഞാൻ വിളിച്ചിരിക്കുന്നു.* നിങ്ങൾ പരസ്പരം സ്നേഹിപ്പാനായിട്ട് ഞാൻ ഇങ്ങനെ കല്പിക്കുന്നു. * ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ നിങ്ങൾക്കുമുമ്പേ അതു എന്നെ ദ്വേഷിച്ചു കഴിഞ്ഞു എന്നറിഞ്ഞുകൊൾവിൻ. നിങ്ങൾ ലോകസംബന്ധികളായിരുന്നുവെങ്കിൽ-ലോകം സ്വന്തമായുള്ളതിനെ -സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകസംബന്ധികളല്ല. എന്തെന്നാൽ ലോക ത്തിൽ നിന്ന് നിങ്ങൾ എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവരാ കുന്നു. അതുകൊണ്ടാണ് ലോകം നിങ്ങളെ ദ്വേഷിക്കുന്നത്.

*(അനന്തരം ബീമായിലെ മദ്ബഹായിലൊ നിന്നുകൊണ്ട് സ്ലീബാ ആഘോഷം)*

കിഴക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട്

തന്റെ വധത്താൽ മേലുള്ളവർക്കു ശാന്തിനിൽകിയ സമാധാനവും തന്റെ ബലി സമർപ്പണത്താൽ താഴെ യുള്ളവരെ രമ്യമാക്കിയ നിരപ്പും തന്റെ സ്ലീബായാൽ വിജാതീയരെ രക്ഷിച്ച രക്ഷിതാവും ഭിന്നിച്ചിരുന്നവരെ തന്റെ പുനരുത്ഥാനത്താൽ യോജിപ്പിച്ച സ്നേഹവും ആയ കർത്താവെ! നിന്റെ ഈ പുനരുത്ഥാന ദിവസത്തിൽ ഭൂതലത്തിലെ കലഹത്തെ ശമിപ്പിക്കണമെ. എല്ലാവിധ ഉപദ്രവത്തിൽ നിന്നും നിന്റെ സ്ലീബായാൽ ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും വിശുദ്ധ റൂഹായേയും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തോത്രം ചെയ്യുമാറാകണമെ.

(മസ്അക്കോനുസൊ)

നാഥാ! കരുണാ സാഗരമേ!-
പുനരുത്ഥാനപ്പെരുന്നാളിൽ
നിന്മാനത്തിനുയോഗ്യമതാം-

വചനങ്ങളെ ഞാൻ പാടിടും
നിൻസ്ലീബായാൽരക്ഷിതരാം
പുറജാതികളിപ്പെരുന്നാളിൽ
സ്തുതിയാൽ നിന്നെക്കീർത്തിക്കും-
ഞങ്ങളുമർത്ഥിച്ചോതുന്നു കുറിയേ...കുറിയേ...കുറിയേ....

പടിഞ്ഞാറോട്ട് തിരിഞ്ഞുകൊണ്ട്

ഞങ്ങളുടെ മിശിഹാതമ്പുരാനേ! നിന്റെ പുനരുത്ഥാനത്തിൽ ഞങ്ങൾ സന്തോഷിച്ച് ആഹ്ളാദിച്ച് ആനന്ദിക്കുന്നു. നിന്റെ നിരപ്പും സമാധാനവും ഞങ്ങളിൽ വാഴുമാറാകണമെ. നിന്റെ സ്നേഹവും പ്രീതിയും ഞങ്ങളിൽ വസിപ്പിക്കേണമെ. നിന്റെ സ്ലീബായെ വന്ദിക്കുവാനും നിന്റെ പുനരുത്ഥാനത്തെ ഏറ്റു പറയുവാനും ഞങ്ങൾക്കു കൃപനൽകണമെ. ഞങ്ങളേയും ഞങ്ങളുടെ മരിച്ചുപോയവരേയും നിന്റെ രാജ്യത്തിൽ ആനന്ദിപ്പിക്കേണമെ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമെ! നിന്റെ കർതൃത്വത്ത ഞങ്ങൾ സ്തുതിക്കുമാറാകണമെ. മോറാൻ.....

(മസ്അക്കോനുസൊ)

ഉത്ഥാനത്തിൻ പരമാർത്ഥം-
ബോധപ്പെട്ടെല്ലാവർക്കും
എങ്കിലുമിതിലാമുഢജനം-
ഹന്തനിഷേധമുയർത്തുന്നു.
യുദജനത്താൽ ക്രൂശിതനോ-
മഹിമയൊടക്കബറീന്നേറി
പ്രാർത്ഥനയോടുധുനാഞങ്ങൾ-
അർത്ഥിച്ചീവിധമോതുന്നു കുറിയേ...കുറിയേ...കുറിയേ...

## വടക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട് പ്രാർത്ഥന

ദൈവമായ കർത്താവെ! നിന്റെ സ്ലീബായുടെ പാർശ്വങ്ങളിൽ മറയ്ക്കപ്പെടുവാനും നിന്റെ പുനരുത്ഥാ നത്തിൽ സദൃശ്വരായിത്തീരുവാനും നിന്റെ ഉയിർപ്പിൽ വിശ്വസിക്കുവാനും നിന്റെ ഏവൻഗേലിയോനിലെ കൽപ്പനകളെ ആചരിക്കുവാനും നിന്റെ ഇഷ്ടം പ്രവർത്തിക്കുവാനും നിന്റെ ന്യായപ്രമാണം അനുഷ്ഠി ക്കുവാനും നിന്നെ സ്നേഹിച്ചവരായ നീതിമാന്മാരുടേയും പുണ്യവാന്മാരുടെയും പ്രാർത്ഥനകളിൽ അഭയം പ്രാപിച്ച് സഹായം ലഭിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമെ. അവരുടെ അപേക്ഷകൾമൂലം ഞങ്ങൾക്കും ഞങ്ങളുടെ പരേതർക്കും പാപപരിഹാരം നൽകണമേ. ഞങ്ങൾ

നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധറൂഹായേയും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തോത്രം ചെയ്യുമാറാകണമെ. ഹോശോ...

കർത്താവേ! നിൻജനതതിമേ-
ലാർദ്രതകാണിച്ചീടണമെ
താവകമാമവകാശത്തിൽ-
ലേശമജാഗ്രത കാട്ടരുതേ.
നിൻ സ്ലീബായിൻ വൻകൊടിയാൽ-
ക്രൈസ്തവമകുട മുയർത്തണമെ.
പ്രാർത്ഥനയോടുധുനാഞ്ഞങ്ങൾ -
അർത്ഥിച്ചീവിധമോതുന്നു. കുറിയേ....കുറിയേ....കുറിയേ...

## തെക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ട് പ്രാർത്ഥന

ദൈവമായ കർത്താവെ! മൂന്നാം ദിവസമുള്ള നിന്റെ പുനരുത്ഥാനത്തിന്റെ ഈ ദിവസത്തെ സ്വർഗ്ഗീയ സൈന്യങ്ങളോടൊരുമിച്ച് പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആനന്ദപൂർവ്വം നിന്റെ പെരുനാളുകൾ കൊണ്ടാടി നിന്നിൽനിന്ന് നന്മകളും അനുഗ്രഹങ്ങളും

പ്രാപിക്കുവാനും ഞങ്ങളെ അർഹരാക്കണമെ. നിന്റെ വിശുദ്ധ സ്ലീബായാലും വിശുദ്ധന്മാരിൽ വസിച്ചിരിക്കുന്ന നിന്റെ ശക്തിയാലും കോപത്തിന്റെ വടികളും സകല ശിക്ഷകളും ഞങ്ങളിൽനിന്ന് നീക്കിക്കളയണമെ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും വിശുദ്ധ റൂഹായേയും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിച്ചു സ്തോത്രം ചെയ്യുമാറാകണമെ.
ഹോശോ....

പീഡിതനും രോഗാർത്തന്നും-
സാധുവിനുംധനഹീനനും
ഗതിയറ്റോനും വിധവയ്ക്കും-
തുണയായ് നാഥൻ മേന്മെയെഴും
തൻശാന്തിയെയീജനതയിലും-
സഭയിതിലും നിവസിപ്പിക്കാൻ
പ്രാർത്ഥനയോടധുനാഞങ്ങൾ-
അർത്ഥിച്ചീവധമോതുന്നു കുറിയേ... കുറിയേ.... കുറിയേ....

(കിഴക്കോട്ടു തിരിഞ്ഞു നിന്നുകൊണ്ട്)

പട്ടക്കാരൻ:- ദുതന്മാർ സേ-വിപ്പോനേ!
ജനം:- ഈശാ! നീ പരിശുദ്ധൻ.

ക്രോബേന്മാർ വാഴ്ത്തുന്നോനേ!
ശക്താ! നീ പരിശുദ്ധൻ

സ്രാപ്പികൾ കാദീ-ശാർപ്പോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ

പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു.
ഞങ്ങൾക്കായ് പുനരുത്ഥിതനേ കൃപ ചെയ്യേണം

*(പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുകൊണ്ട്)*

തീമയർ ഹാലേൽ-ചൊൽവോനേ!
ഈശാ! നീ പരിശുദ്ധൻ.

ആത്മീയർ ശ്ലാ-ഘിപ്പോനേ!
ശക്താ! നീ പരിശുദ്ധൻ.

മണ്മയരാഘോ-ഷിപ്പോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ.

വിശ്വാസിനിയാം തിരുസഭതൻ സുതരർത്ഥിക്കുന്നു.
ഞങ്ങൾക്കായ് പുനരുത്ഥിതനേ കൃപ ചെയ്യേണം

*(വടക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ട്)*

മേലുള്ളോർ മാ-നിപ്പോനേ!
ഈശാ! നീ പരിശുദ്ധൻ.

മദ്ധ്യമർ കീർത്തി-ക്കുന്നോനേ!
ശക്താ! നീ പരിശുദ്ധൻ.

കീഴുള്ളോർ കൂ-പ്പുന്നോനേ!
മ്തിഹീനാ! നീ പരിശുദ്ധൻ.

പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു.
ഞങ്ങൾക്കായ് പുനരുത്ഥിതനേ കൃപ ചെയ്യേണം

*(തെക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ട്)*

നാഥാ! കൃപചെയ്തീടേണം.
നാഥാ! കൃപ ചെയ്യുകകനിവാൽ

നാഥാ! കർമ്മാർത്ഥകളെ നീ കൈക്കൊണ്ടും കൃപചെ
യ്തീടേണം.
ദേവേശാ! തേ സ്തോത്രം.

സൃഷ്ടാവേ! തേ സ്തോത്രം.
പാപികളാം ദാസരിലലിയും മിശിഹാരാജാവേ! സ്തോത്രം.
ബാറെക്മോർ

പട്ടക്കാരൻ:- ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ!...
ഇത്യാദി.

*(അനന്തരം മദ്ബഹായിൽ പ്രവേശിച്ച് കുരിശു ത്രോണോസിന്മേൽ വച്ചശേഷം പട്ടക്കാരെ ല്ലാവരും ഓരോരുത്തരായി ആദ്യം ത്രോണോസും പിന്നെ കുരിശും ഏവൻഗേലിയോനും മുത്തി പരസ്പ്പരം സമാധാനം കൊടുക്കണം. ആ സമയത്ത് താഴെ കാണുന്ന ഗീതം ചൊല്ലണം.)*

ശ്ലോമ്മോ-ബലിവേദി!സ്ലീബാ!
ശ്ലോമ്മോ-നിർമ്മലമാം-കബറേ!
ശ്ലോമ്മോ-ഏവൻഗേ-ലോനേ!

ST. MARY'S KNANAYA CHURCH
Tampa

ശുദ്ധ-ന്മാരേ!വൈദി-കരേ!
ശ്ലോമ്മോ-ശെമ്മാശ്ശന്മാരെ!
സഭതന്നാത്മജരേ! ശ്ലോമ്മോ.

ഞങ്ങൾ -ക്കുളവായീടട്ടെ
നാഥാ! രക്ഷകനേ! മശിഹാ!
നിൻ ശ്ലോ-മ്മോയും ശൈ-നോയും
തമ്മിൽ -ചുംബിക്ക-ട്ടെങ്ങൾ
എങ്ങും-ലോകാന്ത്യത്തോളം
നിൻശ്ലോ-മ്മോ വാണീ-ടട്ടെ

ശുശ്രൂ-ഷകരേ! ജനമേ! കേൾ
പരിശു-ദ്ധാചാര്യ-ന്മാരേ!
ശുദ്ധ-ന്മാർ തൻവാ-ഴ് വേൽപ്പിൻ
ശ്ലോമ്മാ-യന്യോന്യം-നൽകിൻ
വാസം-ചെയ്തീടട്ടെന്നും
കർത്താ-വിൻ ശ്ലോമ്മോ-നമ്മിൽ.

നല്ലു-ത്ഥാനത്തിൻ നാളോ
ടായുഷ് ക്കാലത്തൊന്നാളും
ഞങ്ങൾ-ക്കുളവായീ-ടട്ടെ
താതൻ-ദൈവത്തിൻ-ശൈനൊ
ഏകൻ-പുത്രൻ തൻ ശ്ലോമ്മോ
ശുദ്ധാ-ത്മാവിന്നാ-വാസം

ദയറാ-ദേവാഗാരങ്ങൾ
ക്കീശാ! കാവൽ നിൻ-ശാന്തി
സ്ലീബാ-യാൽ ശുദ്ധ-തനൽകി
പ്പെരുന്നാളിൽ മോദി-പ്പിക്ക
നിൻശ്ലോ-മ്മോയും ശൈനോയും
ഞങ്ങൾ-സഹിതം വാ-ഴട്ടെ

*(മദ്ബഹായിലുള്ളവരെല്ലാവരും സമാധാനം നൽകിയശേഷം കുരിശെടുത്തു മദ്ബഹാ വാതുക്കൽ വയ്ക്കുകയും അപ്പോൾ ജനങ്ങളെല്ലാവരും കുരിശു മുത്തി സമാധാനം കൊടുക്കുകയും ചെയ്യുന്നു. അപ്പോൾ താഴെ കാണുന്ന ഗീതം ചൊല്ലണം.)*

ജാതികളെ!മോദിപ്പിൻ-മറിയാമോ-തീ
താതനെയാ-ർന്നെൻതനയൻ-കബറീന്നേ-റി

ദ്യുതിസുതരേ! ദ്യുതിസുതരേ! -ദ്യുതിയാസ-ന്നം
പാരൊളിയാം-പകലിതിനെ -സ്തോത്രംചെ-യിൻ

ഉപഗതമാ-യുത്ഥാനം-ശിഷ്യന്മാ-രേ!
കരയായ്വിൻ-കരയായ്‌വിൻ-ഗുരുവെഴുന്നേ-റ്റു

പ്രഭ കണ്ടി-ട്ടാരെന്നവളാരായു-ന്നു
ഇതു ഞാൻ താ-നെന്നവളെ-ബോധിപ്പിച്ചാൻ

മറിയാം താ-നുൻമുഖിയായ് -നിലകൊള്ളു-ന്നോൾ
വെളിവാകാ-ൻവരുമവനെ-കണ്ടാളാ-ദ്യം

ഉഴറിച്ചെ-ന്നറിയിപ്പിൻ-ശ്ലീഹന്മാരെ
ഉയിരാർന്നേ-നുയിരാർന്നേൻ-പതറീടേണ്ടാ.

ഗുരുവുയിരാർ-ന്നെന്നൊരുനൽ-ദൂതേകി-ടിൻ
നൽപകലിൽ-ഭാഗ്യമെഴും-ശ്ലീഹന്മാ-ർക്കായ്

മൃതിപുരിയെ-പ്പാഴാക്കിയ-മൃതനായോൻ-താൻ
മണവറയിൽ-ദൂതരിതാ-വെള്ളങ്കി-ക്കാർ

തോഷമൊട-പ്രേഷിതരോ-ടോതി സ്ത്രീ-കൾ
ധീരതയൊടു മേവിൻഗുരു-ജീവൻ നേ-ടി.

ശീമോനേ! വീക്ഷിക്കുക-പരമോത്ഥാനം
അവനേയേ-റ്റിക്ഷിതിയിൽ-നീ സാക്ഷി-ക്കുക

സുതനുയിർപ്പു-ണ്ടീഹുദാ-മ്റുതനായ് താ-നേ
കയ്യാപ്പാ-തലതാഴ്ത്തി -ഹന്നാൻ വെമ്പി

വാനവരാ-വനിതകളോ-ടറിയിക്കു-ന്നു
മണവാളൻ-മ്റുതിപുരയീന്നുയിരാർന്നേ-റി

പാഞ്ഞൊളിവിൽ -പോയൊരേ-മിഴിനീർനീ-ക്കിൻ
ഗുരുവുയിരാ-ർന്നുന്നമനം -മൌലിക്കേ-കിൻ

വൻപ്രഭയാൽ -കാവൽക്കാർ-വിറയൽപുണ്ടു
നിരനിരയായ്- ദുതന്മാർ -സത്യം പാ-ടി

പ്രഭനിശയേ-ബന്ധിച്ചു-പുലർകാല-ത്തിൽ
പ്രഭയുദ്ധം-ചെയ്തതിനാ-ലിരുൾ മായു-ന്നു

നിദ്രയ്ക്കായ്-വീരൻ മ്റുതി-ലോകം പു-കി
മതിയാകാ-ഞ്ഞുണർവാർന്ന-പ്പുരിധുളി-ച്ചാൻ

മശിഹായാം-പൊൻപുലരി! സ്തോത്രം സ്തോത്രം
സ്തോത്രം തേ-താത വിശു-ദ്ധാത്മാവിന്നും.